# പതിനഞ്ചാം കേരള നിയമസഭ

## ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി
## (2021-23)

## രണ്ടാമത് റിപ്പോർട്ട്

(2022 മാർച്ച് മാസം 17-ാം തീയതി സഭയിൽ സമർപ്പിച്ചത്)

(2016-17 മുതൽ 2018-19 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ഔദ്യോഗികഭാഷാപ്രയോഗ പുരോഗതിക്കായി വിവിധ വകുപ്പുകൾ നടപ്പാക്കിയ കർമ്മപരിപാടികൾ, അനുവദിച്ച തുകയുടെ വിനിയോഗം എന്നിവ സംബന്ധിച്ച താരതമ്യ പഠനവുമായി ബന്ധപ്പെട്ട സർക്കാർ റിപ്പോർട്ടുകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2022

# പതിനഞ്ചാം കേരള നിയമസഭ

## ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി
## (2021-23)

## രണ്ടാമത് റിപ്പോർട്ട്

(2022 മാർച്ച് മാസം 17-ാം തീയതി സഭയിൽ സമർപ്പിച്ചത്)

(2016-17 മുതൽ 2018-19 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ഔദ്യോഗികഭാഷാപ്രയോഗ പുരോഗതിക്കായി വിവിധ വകുപ്പുകൾ നടപ്പാക്കിയ കർമ്മപരിപാടികൾ, അനുവദിച്ച തുകയുടെ വിനിയോഗം എന്നിവ സംബന്ധിച്ച താരതമ്യ പഠനവുമായി ബന്ധപ്പെട്ട സർക്കാർ റിപ്പോർട്ടുകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്)

## ഉള്ളടക്കം

| | |
|---|---|
| | *പേജ്* |
| സമിതിയുടെ ഘടന | .. iv |
| ആമുഖം | .. v |
| റിപ്പോർട്ട് | .. 1 |

## ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി
## (2021-23)

### ഘടന

**അദ്ധ്യക്ഷൻ :**

ശ്രീ. മാത്യു ടി. തോമസ്

**അംഗങ്ങൾ :**

ശ്രീ. പി. വി. അൻവർ

ശ്രീ. വി. ജോയി

ശ്രീ. സി. സി. മുകുന്ദൻ

ശ്രീ. നജീബ് കാന്തപുരം

ശ്രീ. എ. പ്രഭാകരൻ

ശ്രീ. കെ. പ്രേംകുമാർ

ശ്രീ. സനീഷ് കുമാർ ജോസഫ്

ശ്രീ. ടി. സിദ്ധിഖ്

**നിയമസഭാ സെക്രട്ടേറിയറ്റ് :**

ശ്രീ. എസ്.വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ഷാജി സി. ബേബി, ജോയിന്റ് സെക്രട്ടറി

ശ്രീമതി സുദർശന കെ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വിജയ് അമൃതരാജ് എ., അണ്ടർ സെക്രട്ടറി

## ആമുഖം

ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2021-23)യുടെ അധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2021-23) യുടെ 08.02.2022 ലെ യോഗം, 2016-17 മുതൽ 2018-19 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ഔദ്യോഗികഭാഷാപ്രയോഗ പുരോഗതിക്കായി വിവിധ വകുപ്പുകൾക്ക് അനുവദിച്ച തുകയുടെ വിനിയോഗം സംബന്ധിച്ചും പ്രസ്തുത വർഷങ്ങളിൽ നടപ്പാക്കിയ കർമ്മപരിപാടികൾ സംബന്ധിച്ചും ബന്ധപ്പെട്ട വകുപ്പുകൾ ലഭ്യമാക്കിയ നടപടി റിപ്പോർട്ടുകൾ പരിഗണിക്കുകയും ഇതു സംബന്ധിച്ച് വിശദമായ ചർച്ച നടത്തുകയും ചെയ്തിരുന്നു. പ്രസ്തുത ചർച്ചയുടെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും നിർദ്ദേശങ്ങളും/ ശിപാർശകളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

2022 മാർച്ച് 14-ാം തീയതി ചേർന്ന സമിതിയോഗത്തിൽ ഈ റിപ്പോർട്ട് അംഗീകരിച്ചു.

മാത്യു ടി. തോമസ്
അധ്യക്ഷൻ,
ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി.

തിരുവനന്തപുരം,
2022 മാർച്ച് 17.

# റിപ്പോർട്ട്

ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2016-19) യുടെ ഒന്നാമത് റിപ്പോർട്ടിലെ (മാതൃഭാഷാ പഠനത്തിന്റെ പ്രാധാന്യം സംബന്ധിച്ചും, ഭരണഭാഷാപ്രയോഗ പുരോഗതി സംബന്ധിച്ചുമുള്ള റിപ്പോർട്ട്) ഖണ്ഡിക നമ്പർ 24-ൽ സമിതി താഴെപ്പറയുന്ന ശിപാർശ നൽകിയിരുന്നു.

"ഭാഷാ മാറ്റത്തിന് '26-ഭരണ ഭാഷാ പ്രയോഗം' എന്ന പേരിൽ ഒരു പ്രത്യേക ബഡ്ജറ്റ് ശീർഷകം ഉണ്ടാക്കി എല്ലാ വകുപ്പുകൾക്കും തുകയനുവദിച്ചിട്ടും പല വകുപ്പുകളും ആയത് ചെലവാക്കിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ഓരോ വകുപ്പിന്റെയും ബഡ്ജറ്റ് ശീർഷകത്തിൽ തന്നെ നിശ്ചിത ശതമാനം തുക ഭരണ ഭാഷാ മാറ്റത്തിനുതകുന്ന പരിപാടികൾക്കായി നീക്കിവയ്ക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്ന പക്ഷം വകുപ്പ് തലവൻമാർ ഇക്കാര്യത്തിൽ കുറേക്കൂടി ജാഗരൂകരാകുമെന്നും ടി തുക ചെലവാക്കാത്തതിന്റെ ഉത്തരവാദിത്തം നിർണ്ണയിക്കാനും സാധിക്കുന്നതാണ് എന്നും സമിതി നിരീക്ഷിക്കുന്നു. നിലവിലുള്ള ശീർഷകത്തിൽ നിന്നും തുക ചെലവാക്കാത്ത വകുപ്പുകൾക്ക് തൊട്ടടുത്ത വർഷം ധനവകുപ്പ് തുക അനുവദിക്കാറില്ലെന്നും സമിതിക്ക് കണ്ടെത്തുവാൻ കഴിഞ്ഞു. ഇത് ഒരു സൗകര്യമായി കരുതി ഭരണഭാഷാ പ്രയോഗ പദ്ധതികൾ നടപ്പിലാക്കാൻ ചില വകുപ്പുതലവന്മാരെങ്കിലും അമാന്തം കാട്ടും എന്നതിനാൽ അടുത്ത സാമ്പത്തിക വർഷം മുതൽ ഓരോ വകുപ്പിനും അവരുടെ ശീർഷകത്തിൽ തന്നെ ഒരു നിശ്ചിത ശതമാനം തുക ഭരണഭാഷാപ്രയോഗ പുരോഗതിക്കുള്ള പ്രവർത്തനങ്ങൾക്കായി നീക്കി വയ്ക്കണമെന്നും അതത് വർഷം പ്രസ്തുത തുക ചെലവാക്കാത്ത വകുപ്പ് തലവൻമാർ ഇത് സംബന്ധിച്ച് വിശദീകരണം നൽകേണ്ടി വരുമെന്നും അവർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കണമെന്നും ഒരു പരിപത്രം മുഖേന ധനവകുപ്പ് മറ്റ് വകുപ്പുകളെ അറിയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു."

പ്രസ്തുത ശിപാർശയ്ക്ക് ധനകാര്യ (ബഡ്ജറ്റ് വിംഗ് - എ) വകുപ്പ് 24.07.2019-ലെ 727181/ബ.വി-എ 1/2019/ധന. നമ്പർ കത്തുമുഖേന ലഭ്യമാക്കിയ അന്തിമ മറുപടിയിൽ "ഭരണ ഭാഷാ പുരോഗതിക്കുള്ള പ്രവർത്തനങ്ങൾക്കായി വിവിധ വകുപ്പുകൾ അവരുടെ ബഡ്ജറ്റ് ശീർഷകങ്ങളിൽ ബഡ്ജറ്റിലൂടെയും മറ്റു മാർഗ്ഗങ്ങളിലൂടെയും തുക വകയിരുത്തിവരുന്നതായും 2019-2020 സാമ്പത്തിക വർഷം ഭരണഭാഷാപ്രയോഗ പുരോഗതിക്കുള്ള പ്രവർത്തനങ്ങൾക്കായി മൊത്തം 74.33 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും ഏതെങ്കിലും വകുപ്പുകൾക്ക്

വകയിരുത്തിയ തുക അപര്യാപ്തമായി വരികയാണെങ്കിൽ വകുപ്പ് തലവൻ ആവശ്യപ്പെടുന്ന മുറയ്ക്ക് ഉചിത മാർഗ്ഗത്തിലൂടെ തുക അനുവദിക്കുന്നതുമാണെന്നും കൂടാതെ 14.05.2018-ലെ പരിപത്രം നം.44/2018/ധന. പ്രകാരം ഭരണഭാഷാപ്രയോഗ പരിപാടികൾക്കായി സംസ്ഥാന ബഡ്ജറ്റിലെ '26-ഔദ്യോഗിക ഭാഷാ പ്രയോഗം' എന്ന ശീർഷകത്തിൽ വകയിരുത്തുന്ന നിശ്ചിത തുക ഭരണ ഭാഷാ പുരോഗതിക്കുള്ള പ്രവർത്തനങ്ങൾക്കായി വകുപ്പുതലവൻമാർ അതത് സാമ്പത്തിക വർഷം തന്നെ വിനിയോഗിക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഇക്കാര്യത്തിൽ വീഴ്ചവരുത്തുന്നപക്ഷം വകുപ്പുതലവൻമാർ ഇത് സംബന്ധിച്ച് വിശദീകരണം നൽകേണ്ടതും ശിക്ഷാ നടപടികൾക്ക് വിധേയരാകുമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്" എന്നും അറിയിച്ചിരുന്നു.

പ്രസ്തുത മറുപടി പരിഗണിച്ച 11.12.2019 ലെ സമിതിയോഗം റിപ്പോർട്ട് അംഗീകരിക്കുകയും തുടർന്ന് 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിൽ ഔദ്യോഗികഭാഷാപ്രയോഗ പുരോഗതിക്കായി വിവിധ വകുപ്പുകൾക്ക് അനുവദിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച് താരതമ്യപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കണമെന്ന് ബന്ധപ്പെട്ട വകുപ്പുകളോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു.

ഔദ്യോഗികഭാഷാപ്രയോഗ പുരോഗതിക്കായി വിവിധ വകുപ്പുകൾക്ക് അതാത് വർഷം ബജറ്റ് വിഹിതമായി '26 ഔദ്യോഗികഭാഷാ പ്രയോഗം' (ഇംപ്ലിമെന്റേഷൻ ഓഫ് ഒഫിഷ്യൽ ലാംഗ്വേജ്) എന്ന മൈനർ ഹെഡ്ഡിൽ നിശ്ചിത തുക ലഭ്യമാക്കാറുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗം സംബന്ധിച്ച് താരതമ്യപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കണമെന്നും ഔദ്യോഗികഭാഷാ പ്രയോഗപുരോഗതിക്കായി വിവിധ വകുപ്പുകൾ നടപ്പിലാക്കിയ കർമ്മപരിപാടികൾ സംബന്ധിച്ചുള്ള റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 29 വകുപ്പുകളും അവയുടെ ഉപവകുപ്പുകളും റിപ്പോർട്ടുകൾ ലഭ്യമാക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടുകൾ 08.02.2022 തീയതിയിലെ യോഗത്തിൽ സമിതി പരിഗണിച്ചു. ഔദ്യോഗികഭാഷാപ്രയോഗ പുരോഗതിക്കായി നടപ്പിലാക്കിയ കർമ്മപരിപാടികൾ സംബന്ധിച്ച്, തൊഴിലും നൈപുണ്യവും (ജി) വകുപ്പ് (നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ്), തീരദേശ കപ്പൽ ഗതാഗതവും ഉൾനാടൻ ജല ഗതാഗതവും വകുപ്പ്, ശാസ്ത്ര സാങ്കേതിക (എ) വകുപ്പ്, ധനകാര്യ (ഭരണ-സി) വകുപ്പ്, വ്യവസായ (പി.എസ്.) വകുപ്പ്, പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ് (ന്യൂഡൽഹി, കേരള ഹൗസ്), വനം - വന്യജീവി (പി.എസ്.) വകുപ്പ്, സാംസ്കാരികകാര്യ (സി) വകുപ്പ്, തൊഴിലും നൈപുണ്യവും (ഡി) വകുപ്പ്, ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔ.ഭാ.) വകുപ്പ്, നികുതി (എച്ച്) വകുപ്പ്, തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ് (ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ്) -തുടങ്ങിയവ ലഭ്യമാക്കിയ റിപ്പോർട്ടുകൾ സമിതി അംഗീകരിച്ചു.

പിന്നാക്കസമുദായ വികസനം, സഹകരണം, ഇലക്ട്രോണിക്സ് ആന്റ് വിവരസാങ്കേതികവിദ്യ, പൊതുവിദ്യാഭ്യാസം, ആരോഗ്യകുടുംബക്ഷേമം, ഉന്നതവിദ്യാഭ്യാസം, ഭവനനിർമ്മാണം, തദ്ദേശസ്വയംഭരണം, ആസൂത്രണ

സാമ്പത്തികകാര്യം, പൊതുമരാമത്ത്, സാമൂഹ്യനീതി, ജലവിഭവം, വനിത-ശിശു വികസനം, ഭക്ഷ്യ പൊതുവിതരണം, ആയുഷ് എന്നീ വകുപ്പുകൾ നാളിതുവരെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ഔദ്യോഗികഭാഷാപ്രയോഗ പുരോഗതിയ്ക്കായി വിവിധ വകുപ്പുകൾ 2016-17, 2017-18, 2018-19 വർഷങ്ങളിൽ നടപ്പിലാക്കിയ കർമ്മ പരിപാടികൾ സംബന്ധിച്ച് ഗവൺമെന്റിൽ നിന്നും ലഭ്യമായതും പരിഗണിച്ചതുമായ റിപ്പോർട്ടുകളിൽ തൃപ്തികരമല്ല എന്ന് സമിതി അഭിപ്രായപ്പെട്ട വകുപ്പുകളുടെ റിപ്പോർട്ടും സമിതിയുടെ നിർദ്ദേശവും അദ്ധ്യായം-1 ൽ ചേർത്തിരിക്കുന്നു. ഔദ്യോഗികഭാഷാപ്രയോഗ പുരോഗതിയ്ക്കായി അനുവദിച്ച തുകയുടെ വിനിയോഗം, കർമ്മപരിപാടികൾ എന്നിവ സംബന്ധിച്ചും മറ്റുമുള്ള സമിതിയുടെ പൊതുനിർദ്ദേശങ്ങൾ /ശിപാർശകൾ അദ്ധ്യായം -2 ൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം - 1

**ഔദ്യോഗികഭാഷാപ്രയോഗ പുരോഗതിയ്ക്കായി വിവിധ വകുപ്പുകൾ 2016-17, 2017-18, 2018-19 വർഷങ്ങളിൽ നടപ്പിലാക്കിയ കർമ്മ പരിപാടികൾ സംബന്ധിച്ച് സർക്കാരിൽ നിന്നും ലഭിച്ച റിപ്പോർട്ടുകളുടെ പരിഗണന.**

(ഫയൽ നം. 3998/ഔ.ഭാ.സ 2/2019/നി.സെ)

**1. സ്റ്റോഴ്സ് പർച്ചേസ് (ബി) വകുപ്പ്.**

സ്റ്റോഴ്സ് പർച്ചേസ് വകുപ്പിന് കീഴിൽ വകുപ്പുകളോ പൊതുമേഖലാ / അർദ്ധസർക്കാർ / സ്വയംഭരണ സ്ഥാപനങ്ങളോ പ്രവർത്തിക്കുന്നില്ലെന്നും, ആയതിനാൽ ഔദ്യോഗികഭാഷാപ്രയോഗ പുരോഗതിക്കായി ഇതുവരെ തുകകളൊന്നും തന്നെ അനുവദിച്ചിട്ടില്ലെന്നും 07/08/2019 ലെ 159/B1/19/എസ്.പി. ഡി നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട്, യോഗത്തിൽ സമിതി പരിഗണിക്കുകയും ഭരണ വകുപ്പ് എന്ന നിലയിൽ ഔദ്യോഗികഭാഷാപ്രയോഗ പുരോഗതിക്കായി കർമ്മപരിപാടികൾ തയ്യാറാക്കേണ്ടതായിരുന്നുവെന്ന് അഭിപ്രായപ്പെടുകയും പ്രസ്തുത റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തു.

**2. നിയമ (ഔദ്യോഗികഭാഷ-പ്രസിദ്ധീകരണ സെൽ) വകുപ്പ്.**

പ്രസ്തുത വകുപ്പ് 20/08/2019 ലെ 16119/ഔ.ഭാ.പ്ര.സെ2/19/നിയമം നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയോഗം പരിഗണിക്കുകയും റിപ്പോർട്ട് കാലയളവിൽ നിയമ (ഔ.ഭാ. പ്രസിദ്ധീകരണ സെൽ) വകുപ്പിന് ഔദ്യോഗികഭാഷാപ്രയോഗ പുരോഗതിക്കായി വിവിധ കർമ്മപരിപാടികൾ തയ്യാറാക്കി കൂടുതൽ തുക ചെലവഴിക്കാമായിരുന്നുവെന്നും, 2018-19 കാലയളവിൽ 'ഔദ്യോഗിക ഭാഷാപ്രയോഗം' എന്ന് ശീർഷകത്തിൽ നിന്നും തുക ചെലവഴിച്ച് ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങിയത് ശരിയായ നടപടി അല്ലെന്നും ഭാഷാ പുരോഗതിക്കായി രൂപീകരിച്ചിരിക്കുന്ന വകുപ്പുതല സമിതികൾ ഇക്കാര്യത്തിൽ ജാഗ്രത പുലർത്തണമെന്നും സമിതി അഭിപ്രായപ്പെട്ടു. കൂടാതെ, ഓരോ സാമ്പത്തിക വർഷത്തിന്റെയും പകുതിയിൽ തന്നെ ഔദ്യോഗികഭാഷാപ്രയോഗ പുരോഗതിക്കായി ഓരോ വകുപ്പും ചെലവഴിച്ച തുക സംബന്ധിച്ച് വകുപ്പുതല സമിതി പരിശോധന നടത്തണമെന്നും അനുവദിക്കപ്പെട്ട തുക പൂർണ്ണമായും ചെലവഴിക്കുന്നതിനാവശ്യമായ കർമ്മപരിപാടികൾ തയ്യാറാക്കുന്നതിന് പൊതുമാർഗ്ഗ നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുകയും ചെയ്തു.

**3. തൊഴിലും നൈപുണ്യവും (ബി) വകുപ്പ് (ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ്)**

പ്രസ്തുത വകുപ്പ് 27/09/2020 ലെ ബി2/250/2019/തൊഴിൽ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിച്ച സമിതി, ഔദ്യോഗികഭാഷാപ്രയോഗ പുരോഗതിക്കായി ലഭ്യമായ മുഴുവൻ തുകയും സറണ്ടർ ചെയ്ത നടപടിയിൽ അതൃപ്തി രേഖപ്പെടുത്തുകയും, ഭാഷാ പരിപോഷണത്തിനുതകുന്ന ഏതെങ്കിലും

കർമ്മപരിപാടികൾ സംഘടിപ്പിക്കുകയോ വകുപ്പിന്റെ നിയമങ്ങളും, ചട്ടങ്ങളും ഔദ്യോഗികഭാഷയിലേയ്ക്ക് തർജ്ജമ ചെയ്യുന്നതിന് പര്യാപ്തമായ തുക ആവശ്യപ്പെടുകയോ ടി പ്രവൃത്തി ഘട്ടംഘട്ടമായി നിർവ്വഹിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതായിരുന്നുവെന്ന് അഭിപ്രായപ്പെടുകയും ചെയ്തു.

**4. റവന്യൂ (ജി) വകുപ്പ്**

റവന്യൂ വകുപ്പ് 05/10/2019 ലെ Rev-G2/316/2019/Rev നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിക്കുകയും ജനങ്ങളുമായി ബന്ധപ്പെടുന്ന പ്രസ്തുത വകുപ്പ് ഔദ്യോഗികഭാഷാപ്രയോഗ പുരോഗതിക്കായി അനുവദിച്ച തുകയിൽ വളരെ കുറച്ച് തുക മാത്രം ചെലവഴിച്ചതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും തുടർന്നു വരുന്ന വർഷങ്ങളിൽ ഉചിതമായ പദ്ധതി തയ്യാറാക്കി ധനവിനിയോഗം നടത്തണമെന്ന് നിർദ്ദേശിക്കാൻ തീരുമാനിക്കുകയും ചെയ്തു.

**5 .കേരളീയ പ്രവാസികാര്യ (ബി) വകുപ്പ്**

കേരളീയ പ്രവാസി കാര്യ വകുപ്പിന്റെ 05/11/2019 തീയതിയിലെ ബി1/197/2019/നോർക്ക നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയോഗം പരിഗണിക്കുകയും, ഔദ്യോഗികഭാഷാപ്രയോഗ പുരോഗതിക്കായി പ്രസ്തുത വകുപ്പിന് റിപ്പോർട്ട് കാലയളവിൽ തുക ലഭ്യമായിട്ടുണ്ടോ, ലഭ്യമായെങ്കിൽ തുക ചെലവഴിക്കാത്തതിനുള്ള കാരണം എന്നിവ സംബന്ധിച്ചും റിപ്പോർട്ടിൽ വ്യക്തത വരുത്താത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു.

**6 . പൊതുഭരണ(ന്യൂനപക്ഷ ക്ഷേമ) വകുപ്പ്**

പ്രസ്തുത വകുപ്പ് 13/12/2019-ലെ 356/എം.ഡബ്ല്യൂ2/2019/പൊ.ഭ.വ-നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് സമിതി യോഗം പരിഗണിക്കുകയും ഔദ്യോഗികഭാഷാപ്രയോഗ പുരോഗതിക്കായുള്ള ധനവിനിയോഗത്തിലെ പോരായ്മയിലും പദ്ധതികൾ സംബന്ധിച്ച് വ്യക്തമാക്കാത്തതിനാലും സമിതിയുടെ അതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു.

**7. സൈനിക ക്ഷേമ വകുപ്പ്**

പ്രസ്തുത വകുപ്പ് 19/02/2020 തീയതിയിലെ SW1/127/2019/സൈ.ക്ഷേ.വ.- നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിച്ച സമിതി ഔദ്യോഗിക ഭാഷാപ്രയോഗ പുരോഗതിക്കായി റിപ്പോർട്ട് കാലയളവിൽ ആദ്യ രണ്ട് വർഷങ്ങളിലും വകുപ്പിന് ലഭ്യമായ മുഴുവൻ തുകയും സറണ്ടർ ചെയ്ത നടപടിയിൽ അതൃപ്തി രേഖപ്പെടുത്തുകയും തുടർന്ന് വരുന്ന വർഷങ്ങളിൽ ഉചിതമായ കർമ്മ പരിപാടികൾ സംഘടിപ്പിച്ച് ധനവിനിയോഗം നടത്തണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

**8. വിജിലൻസ് (സി) വകുപ്പ്**

പ്രസ്തുത വകുപ്പ് 02/06/2020 തീയതിയിലെ സി2/390/2019/വി.ജി.- നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിച്ച സമിതിയോഗം പ്രസ്തുത വകുപ്പിന് കീഴിലുള്ള എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്

(തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ എന്നിവിടങ്ങളിൽ) ഓഫീസുകളുമായി ബന്ധപ്പെട്ട് റിപ്പോർട്ട് കാലയളവിൽ ഔദ്യോഗികഭാഷാപ്രയോഗ പുരോഗതിക്കായി തുകയൊന്നും ചെലവഴിക്കാത്തതിൽ അതൃപ്തി രേഖപ്പെടുത്തി.

9. **ആഭ്യന്തര (ഇ) വകുപ്പ് (കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പ് & പോലീസ് വകുപ്പ്**

പ്രസ്തുത വകുപ്പ് 16/06/2020 തീയതിയിലെ ഇ 41592/2019- ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിച്ച സമിതി, പ്രസ്തുത വകുപ്പിന് കീഴിലെ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിൽ ഔദ്യോഗികഭാഷാപ്രയോഗ പുരോഗതിക്കായി റിപ്പോർട്ട് കാലയളവിൽ തുകയൊന്നും ചെലവഴിക്കാത്തതിനാലും പോലീസ് വകുപ്പിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ഉൾപ്പെടുത്താത്തതിനാലും അതൃപ്തി രേഖപ്പെടുത്തി.

10. **പൊതുഭരണ(ഏകോപനം) വകുപ്പ്**

പ്രസ്തുത വകുപ്പ് 10/08/2020 തീയതിയിലെ സി.ഡി.എൻ2/58/ 2020/പൊ.ഭ.വ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിച്ച സമിതി, പ്രസ്തുത വകുപ്പിൽ ഔദ്യോഗികഭാഷാപ്രയോഗ പുരോഗതിക്കായി കർമ്മപരിപാടികൾ തയ്യാറാക്കേണ്ടതായിരുന്നുവെന്ന് അഭിപ്രായപ്പെടുകയും, റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തു.

11. **മത്സ്യബന്ധന തുറമുഖ (പി.എസ്.) വകുപ്പ്**

പ്രസ്തുത വകുപ്പ് 23/09/2020 തീയതിയിലെ 121/പി.എസ്./2020/F&PD- നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിച്ച സമിതി, റിപ്പോർട്ട് കാലയളവിൽ പ്രസ്തുത വകുപ്പ് ഔദ്യോഗികഭാഷാപ്രയോഗ പുരോഗതിക്കായി സ്വീകരിച്ച നടപടികളുടെയും ചെലവഴിച്ച തുകയുടെയും ഇനം തിരിച്ച് രേഖപ്പെടുത്തേണ്ടതായിരുന്നുവെന്ന് അഭിപ്രായപ്പെടുകയും റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തു.

12. **പരിസ്ഥിതി (ബി) വകുപ്പ്**

പരിസ്ഥിതി വകുപ്പ് 12/10/2020- തീയതിയിലെ 239/ബി1/2019/ പരി.നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിച്ച സമിതിയോഗം, വകുപ്പ് ഔദ്യോഗികഭാഷാപ്രയോഗ പുരോഗതിക്കായി സ്വീകരിച്ച നടപടികളും ചെലവായ തുകയും സംബന്ധിച്ച് താരതമ്യം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനു പകരം നിരുത്തരവാദപരമായ മറുപടി ലഭ്യമാക്കിയതിൽ അതൃപ്തി രേഖപ്പെടുത്തി.

13. **പാർലമെന്ററികാര്യ (എ) വകുപ്പ്**

പാർലമെന്ററികാര്യ വകുപ്പിന്റെ, 21.10.2020 തീയതിയിലെ പാ.കാ.വ- എ 1/14/2020/പാ.കാ.വ. നമ്പർ കത്ത് മുഖേന ലഭ്യമായ റിപ്പോർട്ട് സമിതിയോഗം പരിഗണിക്കുകയും ഔദ്യോഗികഭാഷാപ്രയോഗ പുരോഗതിയുമായി ബന്ധപ്പെട്ട തുക ചെലവഴിക്കുന്നതിലേയ്ക്കായി പ്രസ്തുത വകുപ്പിൽ ഒരു പ്രത്യേക ശീർഷകം രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുകയും ചെയ്തു.

**14. വിനോദസഞ്ചാര (സി) വകുപ്പ്**

വിനോദ സഞ്ചാര വകുപ്പ് 06.11.2020-ലെ ടൂർ.സി3/160/2019-ടൂർ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് സമിതി പരിഗണിക്കുകയും ഔദ്യോഗിക ഭാഷാപ്രയോഗ പുരോഗതിക്കായി റിപ്പോർട്ട് കാലയളവിൽ പ്രസ്തുത വകുപ്പ് തുക ചെലവഴിക്കാത്തതിൽ അതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു.

**15. ഇലക്ഷൻ (അക്കൗണ്ട്സ്) വകുപ്പ്**

പ്രസ്തുത വകുപ്പ് 12.11.2020-ലെ 2567/ഇ.എ 1/2020/ഇലക്. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി പരിഗണിച്ച സമിതി, റിപ്പോർട്ട് കാലയളവിൽ പ്രസ്തുത വകുപ്പ് ഔദ്യോഗികഭാഷാപ്രയോഗ പുരോഗതിക്കായി തുകയൊന്നും ചെലവഴിക്കാത്തതിനാലും അതു സംബന്ധിച്ച കാരണം വ്യക്തമാക്കാത്തതിനാലും അതൃപ്തി രേഖപ്പെടുത്തി.

**16. ഗതാഗത (ഡി) വകുപ്പ്**

**(ജലഗതാഗത വകുപ്പ്, ട്രാൻസ്പോർട്ട് കമ്മീഷണർ, കെ.എസ്.ആർ.ടി.സി.)**

പ്രസ്തുത വകുപ്പ് 10.01.2021-ലെ ട്രാൻസ്-ഡി3/38/2020/ട്രാൻസ്. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് സമിതി പരിഗണിക്കുകയും റിപ്പോർട്ട് കാലയളവിൽ പ്രസ്തുത വകുപ്പിന് കീഴിലുള്ള വിവിധ വകുപ്പുകൾ ഔദ്യോഗഭാഷാപ്രയോഗ പുരോഗതിക്കായി ഉചിതമായ രീതിയിൽ തുക ചെലവഴിക്കാത്തതിലും അത് സംബന്ധിച്ച കാരണം വ്യക്തമാക്കാത്തതിലും അതൃപ്തി രേഖപ്പെടുത്തി.

**17. ഊർജ്ജ (പി.എസ്.) വകുപ്പ്**

പ്രസ്തുത വകുപ്പ് 09.02.2021 തീയതിയിലെ പി.എസ്1/128/2019/ഊ.വ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് സമിതി അംഗീകരിക്കുകയും, ഊർജ്ജ വകുപ്പിന് കീഴിലുള്ള കെ.എസ്.ഇ.ബി.എൽ., എനർജി മാനേജ്മെന്റ് സെന്റർ എന്നിവയിൽ ഔദ്യോഗികഭാഷാപ്രയോഗ പുരോഗതിയുമായി ബന്ധപ്പെട്ട തുക ചെലവഴിക്കുന്നതിലേയ്ക്കായി ഒരു പ്രത്യേക ശീർഷകം രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുകയും ചെയ്തു.

**18. കായിക യുവജനകാര്യ (ബി) വകുപ്പ്**

പ്രസ്തുത വകുപ്പ് 18.03.2021-ലെ ബി2/41/2017/കാ.യു.വ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് സമിതി പരിഗണിക്കുകയും, പ്രസ്തുത വകുപ്പിന് കീഴിലുള്ള കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് 2017-18 സാമ്പത്തിക വർഷത്തിൽ ഔദ്യോഗികഭാഷാപ്രയോഗ പുരോഗതിക്കായി അനുവദിച്ച തുക ചെലവഴിക്കാത്തതിനാൽ അതൃപ്തി രേഖപ്പെടുത്തുകയും തുടർന്നു വരുന്ന സാമ്പത്തിക വർഷം മുതൽ ടി വകുപ്പിന് കീഴിലുള്ള മറ്റ് വകുപ്പുകളും പ്രത്യേകം ശീർഷകം രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.

**19. നികുതി (ജെ) വകുപ്പ്**

നികുതി (ജെ) വകുപ്പ് 09.07.2021-ലെ ജെ3/69/2021-നി.വ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിച്ച സമിതി, ഔദ്യോഗികഭാഷാപ്രയോഗ പുരോഗതിക്കായി ലഭ്യമായ തുക ഉചിതമായ രീതിയിൽ ചെലവഴിക്കാത്തതിലും അതു സംബന്ധിച്ച കാരണം വ്യക്തമാക്കാത്തതിനാലും അതൃപ്തി രേഖപ്പെടുത്തി.

**20.കൃഷി (പി.എസ്.) വകുപ്പ്**

കൃഷി വകുപ്പ് 14/07/2021-ലെ 4105685/എ.പി/18/കൃഷി നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് സമിതി പരിഗണിക്കുകയും പ്രസ്തുത വകുപ്പിനു കീഴിലുള്ള കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് റിപ്പോർട്ട് കാലയളവിൽ ഓദ്യോഗികഭാഷാപ്രയോഗ പുരോഗതിക്കായി അനുവദിക്കപ്പെട്ട തുക ചെലവഴിക്കാത്തതിലും അതു സംബന്ധിച്ച കാരണം വ്യക്തമാക്കാത്തതിലും അതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു.

**21. നികുതി (ഡി) വകുപ്പ്**

പ്രസ്തുത വകുപ്പ് 10/9/21-ലെTAXES/D/3/593/2019/TAXES-നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് സമിതി പരിഗണിക്കുകയും റിപ്പോർട്ട് കാലയളവിൽ ഓദ്യോഗികഭാഷാപ്രയോഗ പുരോഗതിക്കായി വകുപ്പിന് അനുവദിക്കപ്പെട്ട തുക ഉചിതമായ കർമ്മപരിപാടികൾ തയ്യാറാക്കി ചെലവഴിക്കാത്തതിൽ അതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു.

## അദ്ധ്യായം - 2

## പൊതുനിർദ്ദേശങ്ങൾ/ശിപാർശകൾ

1) 2019-20, 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഔദ്യോഗികഭാഷാപ്രയോഗ പുരോഗതിയ്ക്കായി അനുവദിക്കപ്പെട്ട തുകയുടെയും നടപ്പിലാക്കിയ കർമ്മപരിപാടികളുടെയും വിശദമായ റിപ്പോർട്ട് എല്ലാ ഭരണവകുപ്പുകളും അവയുടെ കീഴിൽ വരുന്ന ഉപവകുപ്പുകൾ/സഹകരണ സ്ഥാപനങ്ങൾ/മറ്റ് സ്ഥാപനങ്ങളും അടിയന്തരമായി സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
2) 2022-23 കാലയളവിൽ ഔദ്യോഗികഭാഷാപ്രയോഗ പുരോഗതിക്കായി അനുവദിക്കുന്ന തുകയും പ്രസ്തുത തുക ചെലവഴിക്കുന്നതിനായി തയ്യാറാക്കിയ മാർഗ്ഗരേഖയും സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽത്തന്നെ അതാത് ഭരണവകുപ്പുകൾ സമിതിയെ അറിയിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.
3) ഔദ്യോഗികഭാഷാപ്രയോഗ പുരോഗതിയുതകുന്ന വിധത്തിൽ കർമ്മപരിപാടികൾ തയ്യാറാക്കി വായനാ ദിനം (ജൂൺ-19), മലയാള ഭാഷ ദിനം (നവംബർ-1) എന്നിവ സമുചിതമായി ആചരിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.
4) ഔദ്യോഗികഭാഷാ വകുപ്പുതല സമിതികൾ മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനായി ചീഫ് സെക്രട്ടറി തലത്തിൽ എല്ലാ വകുപ്പുകളിലും പരിശോധനാ സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.
5) ഔദ്യോഗികഭാഷാപ്രയോഗ പുരോഗതിക്ക് ഫണ്ട് ലഭ്യമാക്കുന്നതിനായി ഭരണ വകുപ്പുകൾ ധനകാര്യ വകുപ്പിലേയ്ക്ക് യഥാസമയം പ്രൊപ്പോസലുകൾ നൽകേണ്ടതും ഇതിനായി പ്രത്യേക ശീർഷകം നിലവിലില്ലാത്ത വകുപ്പുകൾ അവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമായ തുക യഥാസമയം വിനിയോഗിക്കാതെ തിരിച്ചടയ്ക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണെന്ന് സമിതി നിർദ്ദേശിക്കുന്നു.
6) വകുപ്പുകളുടെ നിയമങ്ങളും ചട്ടങ്ങളും ഔദ്യോഗികഭാഷയിലേയ്ക്ക് തർജ്ജമ ചെയ്യുകയെന്ന വകുപ്പുതല ഭാഷാസമിതികളുടെ പ്രധാന ഉദ്ദേശ്യം ഫലപ്രാപ്തിയിലെത്തിക്കാൻ സമയബന്ധിതമായി നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.
7) ഭരണവകുപ്പുകളുടെ കീഴിൽ വരുന്ന ഉപവകുപ്പുകളും, മറ്റ് സ്ഥാപനങ്ങളും ഔദ്യോഗികഭാഷാപ്രയോഗ പുരോഗതിക്കായി കാലോചിതമായി കർമ്മപരിപാടികൾ നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും സമിതി നിർദ്ദേശിക്കുന്നു.

8) വകുപ്പുകളിലും ഉപവകുപ്പുകളിലും ഇംഗ്ലീഷിൽ നിലവിലുള്ള ചട്ടങ്ങൾ/മാന്വൽ/കോഡ് എന്നിവ സമയബന്ധിതമായി മലയാളത്തിൽ പരിഭാഷപ്പെടുത്തേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.
9) ഔദ്യോഗികഭാഷാപ്രയോഗ പുരോഗതി, വകയിരുത്തിയ ഫണ്ട് എന്നിവ സംബന്ധിച്ച് റിപ്പോർട്ട് ആവശ്യപ്പെടുമ്പോൾ സമിതി നിർദ്ദേശങ്ങളെ സഗൗരവം ഉൾക്കൊണ്ട്, വ്യക്തവും കൃത്യവുമായ മറുപടി സമയബന്ധിതമായി ലഭ്യമാക്കുവാൻ എല്ലാ വകുപ്പുകളും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്ന് സമിതി കർശന നിർദ്ദേശം നൽകുന്നു.

ഔദ്യോഗികഭാഷാപ്രയോഗ പുരോഗതി സംബന്ധിച്ച കർമ്മ പരിപാടികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക വേണ്ട വിധത്തിൽ ഉപയോഗിക്കുന്നതിൽ പല വകുപ്പുകളും ശ്രദ്ധ പുലർത്തുന്നില്ല. സമിതി നൽകിയ മേൽ ശിപാർശകളുടെ അടിസ്ഥാനത്തിൽ വകുപ്പുകൾ ഫലപ്രദമായ വിധത്തിൽ ഔദ്യോഗികഭാഷ പ്രയോഗ പുരോഗതിക്കായുള്ള ഫണ്ട് ഭാവിയിൽ വിനിയോഗിക്കുമെന്ന് സമിതി പ്രത്യാശിക്കുന്നു.

മാത്യു ടി. തോമസ്,
അധ്യക്ഷൻ,
ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി.

തിരുവനന്തപുരം,
മാർച്ച് 2022